# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5039** — **15.11.2019 ൽ മറുപടിയ്ക്ക്**

**ഫ്ലോറി വില്ലേജ് പദ്ധതി**

**ചോദ്യം**

**ശ്രീ.കെ.എൻ.എ ഖാദർ**

**ഉത്തരം**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) കൃഷി വകുപ്പിന് കീഴിൽ ഫ്ലോറി വില്ലേജ് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

ബി) പ്രസ്തുത പദ്ധതി എവിടെയൊക്കെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി തെരഞ്ഞെടുത്ത സ്ഥലങ്ങളേതെല്ലാമെന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കുമോ;

സി) പ്രസ്തുത പദ്ധതിയുടെ ചെലവ് എത്രയെന്നും ഇതിനായി 2019-20 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോയെന്നും വിശദമാക്കാമോ?

എ) & ബി) & സി) ഉണ്ട്. കൃഷി വകുപ്പിന് കീഴിൽ ഫ്ലോറി വില്ലേജ് പദ്ധതി നടപ്പിലാക്കാൻ 2017-18 ൽ തീരുമാനിക്കുകയും വയനാട് ജില്ലയിൽ സുൽത്താൻബത്തേരി, പനമരം എന്നീ ബ്ലോക്കുകളിലാണ് പദ്ധതി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 25 മുതൽ 50 കർഷകർ അടങ്ങുന്ന 7 ക്ലസ്റ്ററുകൾ ആരംഭിച്ചു 103 കർഷകർ മുഖേന 13.4 ഹെക്ടറിൽ വ്യവസായിക പുഷ്പകൃഷി ആരംഭിച്ചു പഞ്ചായത്ത് തല സമിതികൾ രൂപീകരിക്കുകയും, അവയിൽ നിന്നും ഓരോ അംഗങ്ങളെ ചേർത്തുകൊണ്ട് ജില്ലാതല സമിതി രൂപീകരിച്ച് രജിസ്റ്റർ ചെയ്യുകയുണ്ടായി. സുൽത്താൻബത്തേരി ബ്ലോക്കിൽ അമ്പലവയൽ, നൂൽപ്പുഴ, മീനങ്ങാടി, സുൽത്താൻബത്തേരി, നെന്മേനി എന്നീ കൃഷി ഭവനുകളുടെ കീഴിലും, പനമരം ബ്ലോക്കിൽ മുള്ളൻകൊല്ലി, പുൽപ്പള്ളി എന്നീ കൃഷിഭവനുകളുടെ കീഴിലുമാണ് ക്ലസ്റ്ററുകൾ പ്രവർത്തിക്കുന്നത്.

ജെർബെറ, ഗ്ലാഡിയോലസ്, റോസ്, ഓർക്കിഡ്, ആന്തൂറിയം, ബന്ദി, ജമന്തി, വാടാമുല്ല, കുറ്റിമുല്ല, ഹെലിക്കോണിയം എന്നിവയാണ് വളർത്തുന്നത്. സുൽത്താൻ ബത്തേരിയിലും, കൽപ്പറ്റയിലും പുഷ്പ ശേഖരണ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും പുഷ്പ വർഗ്ഗങ്ങളുടെ തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്കായി വിതരണം ചെയ്യുന്നതിന് അമ്പലവയൽ കൃഷിഭവന്റെ കീഴിൽ 40 സെന്റിൽ ഷേഡ്ഹൗസ് തയ്യാറാക്കുകയും ചെയ്തു.

2019-20 സാമ്പത്തിക വർഷം വയനാട്, മലപ്പുറം എന്നീ ജില്ലകളെ കേന്ദ്രീകരിച്ച് ഫ്ലോറി വില്ലേജ് പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

പദ്ധതി നടപ്പാക്കുന്നതിനായി സ്ഥലങ്ങൾ തിരഞ്ഞെടുക്കുന്നത് അടക്കമുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. പുഷ്പകൃഷി വികസനത്തിനായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 240 ലക്ഷം രൂപ ഫ്ലോറി വില്ലേജ് സ്ഥാപനത്തിനായി നീക്കിവെച്ചതിൽ 100 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾക്കാണ് ഭരണാനുമതി നൽകിയിരിക്കുന്നത്.

Mayap

**സെക്ഷൻ ഓഫീസർ**